E 6753 (Pages : 2) Reg. No.....................................

Name.........................................

# B.A./B.Sc. (MODEL I) DEGREE [C.B.C.S.S.] EXAMINATION, NOVEMBER 2013

## First Semester

Additional Language—Malayalam

## കഥ, നോവൽ

(2013 Admissions)

Time : Three Hours Maximum : 80 Marks

### Part A

തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഒരു വാക്കിലോ, വാക്യത്തിലോ ഉത്തരമെഴുതുക.

1. 'വാനപ്രസ്ഥം' എന്ന കഥയുടെ ചലച്ചിത്ര രൂപാന്തരത്തിന്റെ പേരെന്ത് ?
2. പയ്യൻ എന്ന കഥാപാത്രത്തിന്റെ സ്രഷ്ടാവ് ?
3. "കലയും സാഹിത്യവും ഒരുതരം ഇരുട്ടത്തെ വെടിയാണ് "—ഏതു കഥയിലേതാണ് ഈ വാക്യം ?
4. "നാറാണാ . . . എന്റെ പ്രേതത്തിന് ദാഹിക്കുന്നു . . . കൊടുംദാഹം"—ആരുടെ പ്രേതം ?
5. 'അവന് കിട്ടിയ നിധി'യിലെ പ്രധാന കഥാപാത്രം ആരാണ് ?
6. മതരോഗത്തിന്റെ അണുക്കൾ നിമിഷം പ്രതിവ്യാപിക്കാൻ കാരണമെന്ത് ?
7. ആ രാത്രി അവർക്ക് ഉത്സവമായിരുന്നു—ഏത് രാത്രി ?
8. മുരടേശ്വരം എന്ന സ്ഥലം ഏതു കഥയിലാണ് പ്രത്യക്ഷപ്പെടുന്നത് ?
9. 'സ്ഥാവരം' എന്ന കഥയിൽ രാമൻനായരുടെ ദുശ്ശീലമായി ഒരു സ്ത്രീ ചൂണ്ടിക്കാട്ടുന്ന കാര്യമെന്ത് ?
10. 'കാട് കയറുന്ന പൂർവികരി'ൽ കാട് കയറുന്നതാരാണ് ?

(10 × 1 = 10)

### Part B

ഒരു ഖണ്ഡികയിൽ (അമ്പതു വാക്ക് ) കവിയാതെ എട്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

11. "എല്ലാം അമ്മ നിശ്ചയിച്ചതാണ്. നേരത്തെ നിശ്ചയിച്ചതാണ് "—എന്ത് ?
12. കർഷകന്റെ മാനവികതാബോധം വ്യക്തമാക്കുന്ന ഒരു സന്ദർഭം 'അവനു കിട്ടിയ നിധി'യിൽനിന്ന് എടുത്തെഴുതുക.
13. കിങ്സ്റ്റണിൽ പയ്യൻ കാണുന്ന പരമവിശേഷമെന്ത് ?
14. "ഇനി മുതൽ ഞാനായിരിക്കും നിനക്കു കാവൽ"—ആര് ? ആർക്ക് ?
15. "അവറ് വന്ന് കാട് വെട്ടി അരിഞ്ഞെറിഞ്ഞു. ഇന്റെ ചെൽവനേം കുല ചെയ്തു"—സന്ദർഭമെന്ത് ?
16. അമർജിത്ത് കന്യാസ്ത്രീകളോടു പറഞ്ഞ സംഭവ വിവരണമെന്ത് ?
17. 'സ്ഥാവരം' എന്ന കഥയിലെ മുഖ്യപ്രമേയത്തെക്കുറിച്ചെഴുതുക.

Turn over

18. ഗുരുസാഗരം എന്ന നോവലിൻെറ രചനയ്ക്ക് പിന്നിലുള്ള പ്രചോദനമെന്ത് ?

19. ജനാർദ്ദനൻെറയും ഭാസ്ക്കരൻെറയും കുടുംബങ്ങൾ തമ്മിലാകാൻ കാരണമെന്ത് ?

20. 'ഇതാ ഇവിടെ വരെ'യുടെ പരസ്യവണ്ടി നീങ്ങിത്തുടങ്ങുന്നതെങ്ങനെ ?

21. മനുഷ്യൻ പിശാചുക്കളായി മാരകനൃത്തം ചെയ്യുന്ന ദയനീയ കാഴ്ചയെന്ത് ?

22. കാളിയമർദ്ദനം മുന്നോട്ടു വെക്കുന്ന രാഷ്ട്രീയ ദർശനമെന്ത് ?

(8 × 2 = 16)

## Part C

ഒരു പേജിൽ (നൂറു വാക്ക് ) കവിയാതെ ആറു ചോദ്യത്തിന് ഉത്തരമെഴുതുക.

23. "ഉഴുതപ്പോൾ കിട്ടിയ നിധി പണിക്കാരൻെറ അധ്വാന മിച്ചമാണ് "—വിശദീകരിക്കുക.

24. 'വൻമരങ്ങൾ വീഴുമ്പോൾ' എന്ന കഥ ആവിഷ്ക്കരിക്കുന്ന ചരിത്ര സന്ദർഭമേത് ? വിശദീകരിക്കുക.

25. 'തിരുമനസ്സുകൊണ്ട് ' എന്ന കഥയെ അടിസ്ഥാനപ്പെടുത്തി വി.കെ.എൻ. ശൈലി പരിചയപ്പെടുത്തുക.

26. കീഴാളത്ത സംസ്ക്കാരത്തിൻെറ പ്രതീകമായി 'തായ്കുല'ത്തിൽ ശൂർപ്പണഖ മാറുന്നതെങ്ങനെ ?

27. വാനപ്രസ്ഥത്തെ അടിസ്ഥാനമാക്കി ഭാവാത്മകമായ ആഖ്യാനശൈലിയെക്കുറിച്ചെഴുതുക.

28. 'സന്നിധാനം' എന്ന കഥയിലെ കണ്ണടകൾ സൂചിപ്പിക്കുന്നതെന്ത് ?

29. ആക്ഷേപഹാസ്യം കേവലം ഹാസ്യഭാവത്തിൻെറ മാത്രം വിഷയമല്ലെന്ന് സക്കറിയ തെളിയിക്കുന്നതെങ്ങനെ ?

30. 'ഭൂതമൊഴി'യിലെ ആഖ്യാന രീതിയുടെ പ്രത്യേകതകൾ എന്തെല്ലാം ?

31. 'കാട് കയറുന്ന പൂർവികർ' എന്ന കഥ വെളിപ്പെടുത്തുന്ന സത്യമെന്ത് ?

(6 × 4 = 24)

## Part D

നാലു പേജിൽ (നാനൂറു വാക്ക് ) കവിയാതെ രണ്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

32. ആധുനികതയുടെ ആത്മീയ ദർശനം 'ഗുരുസാഗര'ത്തിൽ ആവിഷ്കൃതമാകുന്നതെങ്ങനെ ? വിശദീകരിക്കുക.

**അല്ലെങ്കിൽ**

33. 'വാനപ്രസ്ഥം' എന്ന കഥയുടെ പ്രമേയ സ്വഭാവവും ആഖ്യാന സവിശേഷതകളും വിശകലനം ചെയ്യുക.

34. 'തായ്കുലം' എന്ന കഥയിലെ സ്ത്രീവാദ പ്രത്യയശാസ്ത്രം അപഗ്രഥിക്കുക.

**അല്ലെങ്കിൽ**

35. ആധുനിക ഭാവുകത്വത്തെ മലയാള ചെറുകഥകളുടെ പശ്ചാത്തലത്തിൽ വിലയിരുത്തുക.

(2 × 15 = 30)